# PEROOR
# ST. IGNATIUS CHURCH



ഈ പള്ളി കോട്ടയം താലൂക്കിൽ പേരൂർ കരയിൽ മീനച്ചിലാറിനു സമീപം സ്ഥിതിചെയ്യുന്നു. ആറുമാനൂർ കരയിൽ പാറയിൽ കുര്യാക്കോസ് കത്തനാർ തന്റെ വക പേരൂർ തട്ടുപുരയിടത്തിൽ ഒരു പള്ളിക്കും ശവ ക്കോട്ടയ്ക്കും അനുവാദം തരണമെന്ന് കോട്ടയം ഇടവക മെത്രാപ്പോലീത്തയായിരുന്ന മീഖായേൽ മോർ ദിവന്നാസ്യോസ് തിരുമേനിയോട് അപേക്ഷിക്കുകയും, അനുവാദ കൽപ്പനയോടുകൂടി 1108–ാമാണ്ട് ചിങ്ങ മാസം 4–ാം തീയതി ഗവൺമെന്റിൽ അപേക്ഷ നൽകുകയും ചെയ്തു. 1108–ാം ആണ്ട് തുലാമാസം 30–ാം തീയതി പള്ളി പണിക്കുള്ള അനുവാദം ലഭിച്ചു.

ഏതാനും ദിവസങ്ങൾക്കു ശേഷം അന്ത്യോഖ്യാ പ്രതിനിധി സ്ലീബാ മാർ ഒസ്താത്തിയോസ് തിരുമേനി വാഴ്ത്തി അനുഗ്രഹിച്ച ഒരു കുരിശ് പ്രസ്തുത സ്ഥലത്ത് ബഹു. കൂട്ടുങ്കൽ റമ്പാച്ചൻ സ്ഥാപിച്ചു. പള്ളി പണി പൂർത്തീകരിച്ച് 1111–ാം ആണ്ട് മകരമാസം 28–ാം തീയതി മിഖായേൽ മാർ ദിവന്നാസ്യോസ് തിരുമേനി പള്ളി കൂദാശ നടത്തുകയുണ്ടായി. പള്ളിയുടെ ഭരണചുമതല പള്ളി സ്ഥാപകനായ പാറയിൽ കുര്യാക്കോസ് കത്തനാരെ ഏൽപ്പിച്ചു. അദ്ദേഹം അക്കാലത്ത് പേരൂർ മർത്തശ്മൂനിപള്ളി വികാരിയായിരുന്നതിനാൽ മാസത്തിൽ ഒരു ഞായറാഴ്ചയും ഇടദിവസങ്ങളിലും വി.കുർബ്ബാന അനുഷ്ഠിച്ചുപോന്നു. പിന്നീട് അദ്ദേഹത്തിന്റെ പുത്രൻ യാക്കോബ് കത്തനാരെ ഈ പള്ളിയുടെ ചുമതല ഏൽപ്പിച്ച് കാലക്രമേണ നാല് ഞായറാഴ്ചകളിലും വി. കുർബ്ബാന നടത്തിയിരുന്നു. 1966–ൽ പേരൂർ മർത്തശ്മൂനിപള്ളിയിൽ നിന്നും ഏതാനും കുടുംബങ്ങൾ ഈ പള്ളിയിൽ ഇടവകചേർന്നു.

1988–ൽ യാക്കോബ് കത്തനാരുടെ അപേക്ഷപ്രകാരം കോട്ടയം ഭദ്രാസനത്തിൽ നിന്ന് വൈദികരെ അയച്ച് എല്ലാ ഞായറാഴ്ചകളിലും വി. കുർബ്ബാനയും അനുഷ്ഠാനങ്ങളും നടത്തിവരുന്നു. ഇവിടെ വികാരിയായിരുന്ന ബഹു. തോമസ് വേങ്കടത്ത് അച്ചന്റെ നേതൃത്വത്തിൽ പള്ളി പുതുക്കിപ്പണിയുന്നതിന് ഇടവക മെത്രാപ്പോലീത്തയായിരുന്ന പെരുമ്പള്ളി ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി അനുവാദം നൽകുകയുണ്ടായി. ബഹു. തോമസ് അച്ചന്റെ കഠിനപ്രയത്നത്താൽ എല്ലാവരുടെയും സഹകരണത്തോടെ പള്ളിയുടെ പണി പൂർത്തീകരിച്ചു.

ഇടവക മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി പുതിയ പള്ളിയുടെ കൂദാശ നിർവ്വഹിച്ചു. മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഈ പള്ളിയിൽ

പരിശുദ്ധ മഞ്ഞനിക്കര ബാവായുടെ ദുക്റോനോ-പ്രധാന പെരുനാൾ ആയി നടത്തിവരുന്നു. പള്ളിക്ക് വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ പേരൂർ പൂവക്കുളത്തുകടവിൽ ഒരു കുരിശിൻതൊട്ടിയും ആറുമാനൂർ പാറേക്കടവിൽ വി. ദൈവമാതാവിന്റെ സുനോറോ സ്ഥാപിതമായിരിക്കുന്ന ഒരു ചാപ്പലും പാറയിൽ യാക്കോബ് കത്തനാരുടെ ഭരണകാലത്തു പണി കഴിപ്പിച്ചു. വി. ഗീവർഗീസ് സഹദായുടെ പെരുനാൾ എല്ലാ വർഷവും പുതുഞായറാഴ്ചയും വി. ദൈവമാതാവിന്റെ പെരുനാൾ ആഗസ്റ്റ് 15നും നടത്തിവരുന്നു. സൺഡേ സ്കൂൾ, വനിതാ സമാജം, യൂത്ത് അസ്സോസിയേഷൻ തുടങ്ങിയ ആത്മീയ സംഘടനകളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ വികാരിയായ തുരുത്തേൽ മാത്യൂസ് അച്ചന്റെയും സഹവികാരിയായ മർക്കോസ് മല്ലുകാട്ട് അച്ചന്റെയും നേതൃത്വത്തിൽ ഭംഗിയായി നടന്നു വരുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org